"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാലക്കാട് പനമണ്ണ എ. യു. പി. സ്കൂളിലെ യു. പി. എസ്. എ. ശ്രീമതി. ദീപ്തിയും മറ്റ് നാല്പ പേരും ചേർന്ന് ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP (C) No. 27496/2025 ൽ 16/09/2025 തീയതിയിലെ വിധിന്യായം പാലിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസം (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1889/2026/GEDN** തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:-

1. പാലക്കാട് പനമണ്ണ എ. യു. പി. സ്കൂൾ മാനേജർ ശ്രീ. പി.കെ. ഭാരതി സർക്കാർ മുൻപാകെ സമർപ്പിച്ച 05/09/2025 തീയതി റിവിഷൻ ഹർജി (Ext.P15).
2. WP(C)No. 27496/2025 ലെ ബഹു. കേരള ഹൈക്കോടതിയുടെ 16/09/2025 തീയതിയിലെ വിധിന്യായം.
3. ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16/01/2026 തീയതിയിലെ AEOOTP/741/2025-D നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26/01/2026 തീയതിയിലെ DGE/283/2026-G1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് പനമണ്ണ എ. യു. പി. സ്കൂളിലെ യു. പി. എസ്. എ. ശ്രീമതി. ദീപ്തിയും മറ്റുള്ളവരും ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരിക്കുന്ന W.P(C) No 27496/25-ൽ 16/09/25-ലെ കോടതി വിധിപ്രകാരം "This writ petition is disposed of directing the 1st respondent to consider and pass orders on Ext.P15 revision petition, after hearing the petitioners and having due regard to Ext.P11 order of the Hon'ble Supreme Court and Exbt P13 Government order and Exbt P14 judgment of this court at the earliest, at any rate within three months from the date of receipt of a copy of this judgment" എന്ന് ഉത്തരവായിരുന്നു.

ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ, പരമാർശം (1) റിവിഷൻ ഹർജി മേൽ സർക്കാർ ഹിയറിങ് അനുവദിച്ചിരുന്നു.

2. സ്കൂൾ മാനേജറുടെ വാദഗതി സ്റ്റേറ്റ് മെന്റ് ഇപ്രകാരമായിരുന്നു.

WP(C) No 27496/25-ൽ 16/9/25-ലെ കോടതി വിധിയിൽ പരാമർശിച്ചിരിക്കുന്ന Exbt. P11, Exbt. P13, Exbt. P14 എന്നിവ ഇവയാണ്

<u>Exbt. P11 - Verdict of the Hon'ble Supreme court dated 04/03/25 in SLP 11373/24</u>

The appellants are permitted to fill up the vacancies except the seats which are reserved for persons with disability. On completion of all the necessary formalities, the service of all such in-service employees who are entitled to be appointed shall be regularized.

<u>Exbt. P13 - G.O (Ms)No.43/2025/G.Edn dated 17.03.2025</u>

സുപ്രീംകോടതിയുടെ എസ്.എൽ.പി നം.11373/2024-ലെ 04/03/2025-ലെ വിധിയുടെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കായി, തസ്തികകൾ മാറ്റിവെച്ച ശേഷം മറ്റുള്ള തസ്തികകളിൽ നിയമിക്കപ്പെട്ട ജീവനക്കാരുടെ താൽക്കാലിക അംഗീകാരം റഗുലർ ശമ്പള സ്കെയിലിൽ ക്രമീകരിക്കേണ്ടതാണ്.

<u>Exbt. P14 ( Judgment of Hon'ble High Court of Kerala in WP(C) No. 15865/25 dated 11/04/2025)</u>

If the Managers have earmarked vacancy for accommodating physically disabled candidates and other parameters regarding submission of rosters and requisites are complied with their the approval can be granted to the petitions accordingly.

പരാമർശം (1) റിവിഷൻ ഹർജി(എക്സിപിറ്റ് പി15) യിൽ പരാമർശിച്ചിട്ടുള്ള താഴെ പറയുന്ന 5 അദ്ധ്യാപകർക്കും അവരുടെ നിയമനാംഗീകാരവും റഗുലർ ശമ്പള സ്കെയിലിൽ ക്രമീകരിക്കേണ്ടതാണ്.

| നം | നിയമനാർത്ഥിയുടെ പേര് | നിയമന തീയതി | ഏതു തസ്തികയിൽ | എ.ഇ.ഒ അംഗീകാരം നൽകിയ ഉത്തരവ് നമ്പർ, തീയതി | അംഗീകാരത്തിന്റെ സ്വഭാവം | ക്രമീകരിക്കപ്പെടേണ്ട തീയതി |
|---|---|---|---|---|---|---|
| 1. | ദീപ്തി.എൻ യു.പി.എസ്.ടി | 01/06/22 | ശ്രീവൽസൻ. വി യു.പി.എസ്.ടി 30.4.22-ൽ വിരമിച്ച ഒഴിവ് | ഡി/55265/23 തീയതി 16.10.23 | താൽക്കാലികമായി ദിവസവേതനത്തിൽ | 1.6.22 മുതൽ റഗുലർ ശമ്പള സ്കെയിലിൽ |
| | കാവ്യ.കെ | | പ്രസന്ന.പി.പി എൽ.പി.എസ്.ടി 31.5 | ഡി/55264/23 തീയ | താൽക്കാലികമ | 1.6.22 മുതൽ |

| | | | | | | |
|---|---|---|---|---|---|---|
| 2. | എൽ.പി.എസ്.ടി | 01/06/22 | .22-ൽ വിരമിച്ച ഒഴ ിവ് | തി 16.10.23 | ായി ദിവസവേ തനത്തിൽ | റഗുലർ ആ യി |
| 3. | മുബഷിറ.എ എൽ.പി.എസ്.ടി | 01/06/22 | സുജാത.പി.വി എ ൽ.പി.എസ്.ടി. യ െ എച്ച്.എം.ആ യി 1.6.22-ൽ നിയ മിച്ച ഒഴിവ് | ഡി/55267/23 തീയ തി 16.10.23 | താൽക്കാലികമ ായി ദിവസവേ തനത്തിൽ | 1.6.22 മുതൽ റഗുലർ ആ യി |
| 4. | ഐശ്വര്യ.എസ് യു. പി.എസ്.ടി | 01/06/23 | ശ്രീഹരി.വി യു.പി. എസ്.ടി 31.5.23-ൽ വിരമിച്ച ഒഴിവ് | ഡി/813583/25 തീയ തി 22.4.25 | താൽക്കാലികമ ായി ദിവസവേ തനത്തിൽ | 1.6.23 മുതൽ റഗുലർ ശമ്പ ള സ്കെയിലി ൽ |
| 5. | നിവേദ്.എൻ എൽ.പി.എസ്.ടി | 03/06/24 | കൃഷ്ണവർമൻ പി. എൽ.പി.എസ്.ടി 3 1.5.24-ൽ വിരമിച്ച ഒഴിവ് | ഡി/735897/25 തീയ തി 11.3.25 | താൽക്കാലികമ ായി ദിവസവേ തനത്തിൽ | 3.6.24 മുത ൽ റഗുലർ ശമ്പള സ്കെ യിലിൽ |

ഭിന്നശേഷിക്കായി കാറ്റഗറി 1-ൽ ഭിന്നശേഷി നിയമനത്തിനായി ജൂനിയർ അറബി 1 തസ്തികയും 1 ഒഫീസ് അറ്റന്റന്റ്-ന്റെ തസ്തികയും മാറ്റി വെച്ചിട്ടുള്ളതും വിദ്യാഭ്യാസ ഉപഡയറക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. മേൽ പറഞ്ഞ 5 നിയമനങ്ങളും അംഗീകരിച്ചത് താൽക്കാലികമായി ദിവസ വേതനത്തിലായതിനാൽ ഈ നിയമനങ്ങളെല്ലാം റഗുലർ വ്യവസ്ഥയിൽ ശമ്പളസ്കെയിലുകളിൽ അംഗീകരിച്ചു നൽകുവാൻ എക്സിബിറ്റ് പി-11, പി13,പി-14 എന്നീ രേഖകൾ കണക്കിലെടുക്കേണ്ടതാണ്. ഭിന്നശേഷി നിയമനത്തിനായി തസ്തികകൾ നീക്കിവെച്ചിട്ടുള്ളതിനാൽ എക്സിബിറ്റ് പി11 സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 5 നിയമനാംഗീകാരങ്ങളും റഗുലർ ശമ്പള സ്കെയിലിൽ അംഗീകാരം നൽകേണ്ടതാണ്.

എക്സിപിറ്റ് പി13 സർക്കാർ ഉത്തരവ് നം. (എം.എസ്)43/2025 തീയതി 17.3.2025-ലെ ഉത്തരവിൽ എക്സിപിറ്റ് പി11 സുപ്രീം കോടതി വിധി നടപ്പിലാക്കികൊണ്ട് മുകളിൽ പറഞ്ഞ 5 നിയമനങ്ങളും റഗുലർ ശമ്പളസ്കെയിലിൽ പുന:ക്രമീകരിക്കേണ്ടതാണ്. എക്സിപിറ്റ് പി14-ലെ WP(C) No.15865/2025 തീയതി 11/04/2025-ലെ വിധിന്യായം അനുസരിച്ചും, ഭിന്നശേഷി നിയമനത്തിനായി 2 തസ്തികകൾ മാറ്റിവെച്ച സാഹചര്യം പരിഗണിച്ചും മേൽ പറഞ്ഞ 5 നിയമനങ്ങളും റഗുലർ ശമ്പള സ്കെയിലിൽ പുന:ക്രമീകരിക്കേണ്ടതാണ്.

**3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെയും സമാനമായ വാദങ്ങൾ ഇപ്രകാരമായിരുന്നു.**

പനമണ്ണ എയ്ഡഡ് UPS-ൽ 8/11/21-നു ശേഷമുണ്ടായ ഒഴിവുകളിലേക്ക് നിയമിക്കപ്പെട്ട അധ്യാപകരുടെ നിയമനങ്ങൾ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾക്കു വിധേയമായി ദിവസവേതന വ്യവസ്ഥയിൽ ഈ കാര്യാലയത്തിൽ നിന്നും അംഗീകരിച്ചിട്ടുള്ളതാണ്. SLP(C) No.11373/24ൽ NSS മാനേജ്മെന്റിന് ലഭിച്ച അനുകൂലവിധിയുടെ അടിസ്ഥാനത്തിൽ 17/03/2025-ലെ G.O(എം.എസ്)43/2025/പൊ.വി.വ. ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ തങ്ങൾക്കും പ്രസ്തുത ഉത്തരവ് ബാധകമാക്കണമെന്നതാണ് 5/9/25-ലെ റിവിഷൻ ഹർജിയിലൂടെ ആവശ്യപ്പെട്ടിരിക്കുന്നത്. ആദ്യ ഘട്ടത്തിൽ ഹർജിക്കാരായ

അദ്ധ്യാപകരുടെ നിയമന പ്രൊപ്പോസൽ സ.ഉ.(കൈ)നം.111/2022/പൊ.വി.വ തീയതി 25/06/2022 പ്രകാരം എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനം പാലിച്ചില്ല എന്ന കാരണത്താൽ നിരസിച്ചിരുന്നു. എച്ച്2/295299/22 ഡി.ജി.ഇ തീയതി 31.3.2023-ലെ സർക്കുലർ പ്രകാരം മാനേജർ റോസ്റ്റർ ഡാറ്റ സമർപ്പിക്കുകയും ഒഴിവ് എംപ്ലോയ്മെന്റിൽ റിപ്പോർട്ട് ചെയ്ത റിക്വിസിഷൻ ഫോം, കൈപ്പറ്റ രസീത് എന്നിവ സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഫയൽ റീ ഓപ്പൺ ചെയ്ത് 01/11/2023 തീയതിയിലെ ജെ.ആർ1/502/2023/പൊ.വി.വ കത്ത് പ്രകാരം 8/11/2021ന് ശേഷം ഉണ്ടായ ഒഴിവുകളായതിനാൽ ദിവസ വേതനാടിസ്ഥാനത്തിലാണ് നിയമനാംഗീകാരം നൽകിയിട്ടുള്ളത്.

പ്രസ്തുത ഹർജിക്കാരുടെ നിയമനങ്ങൾ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സ.ഉ (കൈ) നം.111/2022/പൊ.വി.വ തീയതി 25.6.2022, സ.ഉ (കൈ)നം.29/2023/പൊ.വിവ 24.3.2023 എന്നിവ പ്രകാരം 08/11/2021-ന് ശേഷമുള്ള ഒഴിവുകളിൽ ആയതിനാൽ 1.11.2023-ലെ സർക്കാർ ഉത്തരവ് ജെ.ആർ1/502/2023/പൊ.വി. യുടെ അടിസ്ഥാനത്തിൽ ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിച്ചതിനുശേഷം മാത്രമേ നിയമനം സ്കെയിൽ ഓഫ് പേയിൽ അംഗീകരിക്കുവാൻ കഴിയൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

അദ്ധ്യാപകരുടെ പേര്, തസ്തിക, ഒഴിവ് വന്ന തീയതി, നിയമനം നൽകിയ തീയതി എന്നിവ പട്ടികയായി നൽകുന്നു.

| ക്രമ നം. | അദ്ധ്യാപകന്റെ പേര് | തസ്തിക | ഒഴിവ് വന്ന തീയതി | നിയമനം അംഗീകരിച്ച തീയതി | ഉത്തരവ് നം. |
|---|---|---|---|---|---|
| 1. | ദീപ്തി എൻ. | യു.പി.എസ്.ടി. | ശ്രീ.ശ്രീവത്സൻ.വി 30.4.2022-ന് വിരമിച്ചതുമൂലം ഉണ്ടായ ഒഴിവിൽ | 01.06.2022 മുതൽ | ഉത്തരവ് നം. ഡി/55265/2023 തീയതി 16/10/2023. |
| 2. | കാവ്യ കെ. | എൽ.പി.എസ്.ടി. | ശ്രീമതി.പ്രസന്ന പി.പി 31.5.2022-ന് വിരമിച്ചത് മൂലം ഉണ്ടായ ഒഴിവിൽ | 01.06.2022 മുതൽ | ഉത്തരവ് നം. ഡി/55264/2023 തീയതി 16/10/2023. |
| 3. | മുബഷിറ എ. | എൽ.പി.എസ്.ടി. | ശ്രീമതി. പി.വി സുജാതയെ 1.6.2022 മുതൽ പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ചതു മൂലം ഉണ്ടായ എൽ.പി.എസ്.ടി ഒഴിവ് | 01.06.2022 മുതൽ | ഉത്തരവ് നം. ഡി/55267/2023 തീയതി 16/10/2023. |
| 4. | ഐശ്വര്യ എസ്. | യു.പി.എസ്.ടി. | യു.പി.എസ്.ടി ആയിരുന്ന ശ്രീ. ശ്രീഹരി.വി 31.5.2023-ന് വിരമിച്ചതു മൂലം ഉണ്ടായ യു.പി.എസ്.ടി ഒഴിവ് | 01/06/23 മുതൽ | ഉത്തരവ് നം. ഡി/813583/2025, തീയതി 22.4.2025 |
| 5. | നിവേദ് എൻ. | എൽ.പി.എസ്.ടി. | ശ്രീ.കൃഷ്ണവർമൻ പി. 31.5.2024-ന് വിരമിച്ച ഒഴിവ് | 0306/24 മുതൽ | ഉത്തരവ് നം.ഡി/735897/2024 തീയതി 11.3.2025 |

മുകളിൽ പറയുന്ന എല്ലാ ഒഴിവുകളും 08/11/2021-ന് ശേഷം ഉണ്ടായ ഒഴിവുകളായതിനാൽ,

നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ മാത്രമാണ് നിയമനാംഗീകാരം നൽകിയിട്ടുള്ളത്.

പനമണ്ണ എയ്ഡഡ് യു.പി.സ്കൂൾ മനേജർ ഒഴിവുകൾ എറണാകുളം എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ട് ചെയ്തിരുന്നെങ്കിലും ഭിന്നശേഷി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ലഭിച്ചിട്ടും നിയമനത്തിനായി തുടർ നടപടി സ്വീകരിച്ചിരുന്നില്ല. ഈ വിവരം പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറെ അറിയിക്കുകയും തുടർനടപടികൾ പുരോഗമിക്കുകയും ചെയ്തു വരുന്നുണ്ട്.

ബഹു.സുപ്രീം കോടതിയുടെ SLP (C) No.9566/2023-ലെ ഉത്തരവുകളുടെയും, അതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സ.ഉ (എം.എസ്) നം.45/2025/പൊ.വി.വ, സ.ഉ (എം.എസ്) നം.123/2025/പൊ.വി.വ എന്നിവയുടെയും അടിസ്ഥാനത്തിൽ, എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി നിയമനത്തിനായി സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19.10.2025-ലെ സർക്കുലർ പ്രകാരം സമന്വയ പോർട്ടൽ മുഖേന ഭിന്നശേഷി ഉദ്യോഗാർത്ഥികളുടെ അന്തിമ പട്ടിക പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും സ്കൂൾ മാനേജർ നിശ്ചിത സമയപരിധിക്കുള്ളിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നില്ല. തുടർന്ന് 08/01/2026-ന് മാത്രമാണ് മാനേജർ Junior Language Teacher (Arabic) (LP), Attender എന്നീ ഒഴിവുകൾ ഭിന്നശേഷിക്കായി മാറ്റിവെച്ചതായി സമന്വയ മുഖേന റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആയത് പരിശോധിച്ച് പാലക്കാട് ഡി.ഡി.ഇ-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ ക്രമ നം.3 ശ്രീമതി. മുബഷിറ എ.യുടെ നിയമനം ശ്രീമതി. പി.വി. സുജാതയെ 01/06/2022 മുതൽ പ്രധാനാദ്ധ്യാപികയായി സ്ഥാനക്കയറ്റം നൽകി നിയമിച്ചതു മൂലം ഉണ്ടായ എൽ.പി.എസ്.ടി ഒഴിവിലാണ്. ശ്രീമതി. സുജാതയുടെ സ്ഥാനക്കയറ്റം 01/06/2022 മുതലുള്ള നിയമനം, ഈ കാര്യാലയത്തിലെ ഉത്തരവ് നം. ഡി/42505/2023 തീയതി 10.4.2023 പ്രകാരം അംഗീകരിച്ചിരുന്നുവെങ്കിലും WP(C)No.39881/2022, WP(C)No.29900/2023 എന്നിവയുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത WA No.590/2025-ലെ 02/12/2025 -ലെ ഇടക്കാല ഉത്തരവിലൂടെ പ്രസ്തുത സ്ഥാനക്കയറ്റം നിലവിൽ സ്റ്റേ ചെയ്തിരിക്കുകയാണ്.

ശ്രീമതി. സുജാതയുടെ സ്ഥാനക്കയറ്റം 01/06/2022 മുതൽ അംഗീകാരം നൽകി എങ്കിലും, പ്രധാനാദ്ധ്യാപക തർക്കം നിലനിൽക്കുന്നതിനാൽ ശ്രീമതി. സുജാത.പി.വി എൽ.പി.എസ്.ടി ആയി തുടരുന്നു. ശ്രീമതി. സുജാത പി.വി യുടെ സ്ഥാനക്കയറ്റ ഒഴിവിലാണ് ശ്രീമതി മുബഷിറയുടെ നിയമനം അംഗീകരിച്ചിരിക്കുന്നത്. നിലവിൽ പ്രധാനാദ്ധ്യാപക തസ്തികയിൽ ആരും തന്നെ ജോലി ചെയ്യാത്ത സ്ഥിതിവിശേഷം ആയതിനാൽ മുബഷിറ എ. ക്കു ജോലി ചെയ്യുന്നതിന് നിലവിൽ നിയമപരമായ ഒഴിവ് ലഭ്യമല്ല. എന്നാൽ വസ്തുതകൾ മറച്ചുവെച്ച് ഇവർക്ക് നിയമനാംഗീകാരവും ശമ്പളവും നൽകി വരികയാണ്. ആയതിനാൽ 01/06/2022 മുതൽ നൽകിയിരിക്കുന്ന നിയമന അംഗീകാരം തുടരണമോ റദ്ദാക്കണമോ എന്ന കാര്യത്തിൽ സർക്കാർ വ്യക്തമായ നിർദ്ദേശം നൽകണമെന്ന് അപേക്ഷിക്കുന്നു.

കൂടാതെ എൻ.എസ്.എസ് മാനേജ്മെന്റിന് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിന്നും ലഭിച്ച വിധിന്യായത്തിന്റെ (SLP(C)No.11373/2024) ആനുകൂല്യം തങ്ങൾക്കും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് പാലാരിവട്ടം കൺസോർഷ്യം ഓഫ് കാത്തലിക് സ്കൂൾസ് മാനേജ്മെന്റ് സമർപ്പിച്ച

റിവിഷൻ ഹർജി സർക്കാർ ഇതിനോടകം പരിശോധിക്കുകയും സ.ഉ (സാധാ) നം.5022/2025/പൊ.വി.വ തീയതി 31/07/2025-ലെ ഉത്തരവ് പ്രകാരം, എൻ.എസ്.എസ് മാനേജ്‌മെന്റിന് അനുകൂലമായി പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് സ.ഉ (എം.എസ്) നം.43/2025/പൊ.വി.വ) പ്രസ്തുത മാനേജ്‌മെന്റിന് മാത്രമാണ് ബാധകമെന്നും, കോടതിയുടെ പ്രത്യേക ഉത്തരവുകളില്ലാതെ ഈ ആനുകൂല്യം മറ്റ് മാനേജ്‌മെന്റുകൾക്ക് പൊതുവായി നൽകാൻ കഴിയില്ലെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. സമാനമായ സാഹചര്യത്തിൽ കാത്തലിക് മാനേജ്‌മെന്റിന്റെ ആവശ്യം സർക്കാർ നിരസിച്ച സാഹചര്യത്തിൽ, എൻ.എസ്.എസ് മാനേജ്‌മെന്റിന്റെ വിധി ചൂണ്ടിക്കാട്ടി ശമ്പള സ്കെയിലിൽ അംഗീകാരം നൽകണമെന്ന ഈ ഹർജിക്കാരുടെ വാദവും നിയമപരമായി നിലനിൽക്കുന്നതല്ല എന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു.

ഹർജിക്കാരുടെ നിയമനങ്ങൾ 08/11/2021-ന് ശേഷമുള്ള ഒഴിവുകളിൽ ആയതിനാൽ, നിലവിലെ സർക്കാർ നയങ്ങൾ പ്രകാരം ഇവർക്ക് ശമ്പള സ്കെയിലിൽ അംഗീകാരം നൽകുന്നത് നിയമ വിരുദ്ധമാണ്. അതിനാൽ WP(C) No.27496/2025-ലെ ഹർജിക്കാരുടെ ആവശ്യം പരിഗണനാർഹമല്ലെന്ന് വിനീതമായി സമർപ്പിക്കുന്നു.

എൻ.എസ്.എസ് മാനേജ്‌മെന്റിന് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിന്നും ലഭിച്ച വിധിന്യായത്തിന്റെ (SLP(C) No.11373/2024) ആനുകൂല്യം തങ്ങൾക്കും ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് പാലാരിവട്ടം കൺസോർഷ്യം ഓഫ് കാത്തലിക് സ്കൂൾസ് മാനേജ്‌മെന്റ് സമർപ്പിച്ച റിവിഷൻ ഹർജി സർക്കാർ ഇതിനോടകം പരിശോധിച്ച് നിരസിച്ച സാഹചര്യത്തിൽ ശമ്പളസ്കെയിലിൽ അംഗീകാരം ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജിക്കാരുടെ ആവശ്യവും സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നു പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പ്രതിനിധി അഭിപ്രായപ്പെട്ടു.

**4.** സർക്കാർ ഈ വിഷയം ഹർജിക്കാരുടെ വാദം, വിദ്യാഭ്യാസ അധികാരികളുടെ റിപ്പോർട്ട്, നിലവിലെ KER ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷിസംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് (WP(C)No. 1172/2023 & connected cases) പുറപ്പെടുവിച്ച വിധിന്യായത്തിനെതിരെ ഫയൽ ചെയ്ത WA No. 1602/2022 തീർപ്പാക്കി ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിൽ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണ പ്രകാരമുള്ള നിയമനങ്ങൾ നടത്തുന്നതുവരെ 18/11/2018 തീയതിയ്ക്കും 08/11/2021 തീയതിയ്ക്കും ഇടയിൽ നടത്തിയ നിയമനങ്ങൾ താൽക്കാലികമായി കണക്കാക്കുന്നതിനും, 08/11/2021 തീയതിയ്ക്കു ശേഷമുള്ളവ ദിവസ വേതനാടിസ്ഥാനത്തിൽ മാത്രം നടത്തുന്നതിനും നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായത്തിനെതിരെ ബഹു. സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള SLP(C)No. 9566/2023 നം. കേസ് നിലവിൽ ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത കേസിൽ 15/05/2023 തീയതിയിൽ ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവിൽ 18/11/2018 തീയതി മുതൽ ഭിന്നശേഷിക്കാർക്കുള്ള ഒഴിവുകൾ കണക്കാക്കി നിയമനങ്ങൾ നടത്തുന്നതിനായി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പാലിക്കുന്നതിനും, 30/10/2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവിൽ ടി നിയമന നടപടികൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിനായി ഒരു സ്റ്റേറ്റ് ലെവൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതിനും പരമോന്നത കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

തുടർന്ന് 27/01/2025 തീയതിയിൽ ഈ വിഷയം പരിഗണിച്ച ബഹു. സുപ്രീം കോടതി 30/10/2023 തീയതിയിലെ ഉത്തരവ് പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരമുള്ള നടപടികൾ തുടരുന്നതിനും എന്നാൽ കോടതിയുടെ അനുമതിയോടു കൂടി മാത്രമേ ആയത് അന്തിമമാക്കുവാൻ പാടുള്ളൂ എന്നും ഇടക്കാല ഉത്തരവ് നൽകിയിട്ടുള്ളതാണ്.

SLP (C) No. 11373/2024 നം. കേസിൽ 04/03/2025 തീയതിയിലെ വിധിന്യായത്തിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

"7: The impugned order is quashed and set aside. The appellants are permitted to fill up the vacancies except the seats which are reserved for persons with disability. On completion of all the necessary formalities, the services of all such in-service employees, who are entitled to be appointed shall be regularized. We further expect that the appellants and other similarly circumstanced society/societies shall take steps to forthwith fill up the posts which are reserved for persons with disability at the earliest. On such appointments being made and the proposals for regularization being submitted to the State Government, the State Government shall decide the same expeditiously"

നായർ സർവ്വീസ് സൊസൈറ്റി മാനേജ്മെന്റിന്റെ കീഴിലുള്ള എയ്ഡഡ് സ്കൂളുകൾക്ക് മാത്രമാണ് SLP(C) No.11373/2024 നം. കേസിന്മേലുള്ള 04/03/2025 തീയതിയിലെ ബഹു. സുപ്രീം കോടതി വിധി ബാധകമാകുന്നത്. 13/10/2025 ചേർന്ന ഉന്നതതല യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നായർ സർവീസ് സൊസൈറ്റി ഫയൽ ചെയ്ത എസ്.എൽ.പി. (സി) നം.11373/2024- നമ്പർ ഹർജിയിൽ 04/03/2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായം, ഭിന്നശേഷി നിയമനത്തിനായി ആവശ്യമായ തസ്തികകൾ നീക്കിവെച്ചിട്ടുള്ള മറ്റ് എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾക്ക് കൂടി ബാധകമാക്കുന്നതിന് അനുമതി തേടുന്നതിനായി സർക്കാർ ബഹു സുപ്രീം കോടതിയിൽ SLP(C) No. 9566/2023 നം. കേസിൽ അഫിഡവിറ്റ് ഫയൽ ചെയ്തു. നിലവിൽ ആയത് ബഹു. കോടതിയുടെ പരിഗണയിലാണ്.

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥികളുടെ നിയമനത്തിനായി ബഹു. സുപ്രീം കോടതിയുടെ നിർദേശാനുസരണം രൂപീകരിച്ച ജില്ലാതല സമിതികൾ മുഖേനയുള്ള നിയമനത്തിന്റെ ആദ്യഘട്ടം പൂർത്തിയാക്കുകയും ഭിന്നശേഷി ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകുകയും, രണ്ടാം ഘട്ടം ആരംഭിച്ച സാഹചര്യത്തിലും W.P.(C) No. 12869/2025 ലെ വിധിന്യായത്തിൽ, N.S.S മാനേജ്മെന്റുകൾക്ക് ബഹു. സുപ്രീം കോടതി അനുവദിച്ച ആനുകൂല്യത്തിന് ഈ റിട്ട് ഹർജിയിലെ ഹർജിക്കാരും അർഹരാണെന്ന് W.P.(C) No. 12869/2025  െല ബഹു. ഹൈക്കോടതിയുടെ 28/03/2025 തീയതിയിലെ വിധിന്യായം പ്രകാരം സിംഗിൾ ബെഞ്ച് വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിലും ബഹു. സുപ്രീം കോടതിയിൽ നിന്ന് NSS നു ലഭിച്ച വിധിന്യായത്തിന്റെ ആനുകൂല്യം മറ്റു സമാന മാനേജമെന്റുകൾക്കും നൽകുന്ന കാര്യം സംസ്ഥാനത്തിനു വേണ്ടി ബഹു. സുപ്രീം കോടതിയിൽ ഹാജരാകുന്ന മുതിർന്ന അഭിഭാഷകരുമായി സ്റ്റാൻഡിങ് കൗൺസിൽ ഈ വിഷയം ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ, ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന സ്പെഷ്യൽ ലീവ്

പെറ്റീഷനുകളുടെ തീരുമാനത്തിന് വിധേയമായി, ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിത തസ്തികകൾ മാറ്റി വെച്ചിട്ടുള്ള മറ്റ് മാനേജ്മെന്റുകളുടെ കീഴിലുള്ള സ്കൂളുകളിലും താത്കാലികമായി ജോലി ചെയ്യുന്ന അധ്യാപകരെ സ്ഥിരപ്പെടുത്തുന്നതിന് നിർദേശം നൽകിക്കൊണ്ട് സർക്കാരിന് ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയുമെന്ന് അഡ്വക്കേറ്റ് ജനറൽ നിയമോപദേശം നൽകിയതിനെത്തുടർന്ന് സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തികകൾ മാറ്റിവെച്ചിട്ടുള്ള മാനേജ്മെന്റുകളിൽ, ഭിന്നശേഷി സംവരണ നിയമത്തിന് വിധേയമായി താത്കാലികമായി (പ്രൊവിഷണലായി ശമ്പള സ്കെയിലിൽ /ദിവസവേതനം) ജോലി ചെയ്യുന്ന ജീവനക്കാരെ, ശമ്പള സ്കെയിലിൽ ക്രമീകരിക്കുന്നതിന് നിർദ്ദേശം നൽകി സ.ഉ. (കൈ) നം.31/2026/GEDN, തീയതി 18/02/2026 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

ബഹു. സുപ്രീം കോടതിയുടെ നിർദേശാനുസരണം സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾക്കായുള്ള ജില്ലാതല സമിതികൾ മുഖേനയുള്ള നിയമന നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്ന സാഹചര്യത്തിലും ഇത് സംബന്ധിച്ച നടപടി റിപ്പോർട്ട് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള സാഹചര്യത്തിലും ഭിന്നശേഷി നിയമന വ്യവസ്ഥകൾ ചട്ടപ്രകാരം പാലിക്കുന്ന മാനേജ്മെന്റുകളിൽ നിരവധി വർഷങ്ങളായി താത്കാലികമായി തുടരുന്ന അധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ ക്രമീകരിക്കേണ്ടത് മാനുഷിക പരിഗണന അർഹിക്കുന്ന വിഷയമായതിനാലും, ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട് താത്കാലികമായി തുടരുന്ന എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് റഗുലർ നിയമനം നൽകുന്നത് സംബന്ധിച്ച്, ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന ഹർജികളിൽ അന്തിമ വിധിയ്ക്കു വിധേയമായി സ.ഉ. (കൈ) നം.31/2026/GEDN, തീയതി 18/02/2026 ഉത്തരവിലെ ഖണ്ഡിക 8(A) പ്രകാരം താഴെ പറയുന്ന നിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്,

' എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ള സർക്കാർ നിർദേശങ്ങൾ പ്രകാരം ഭിന്നശേഷി നിയമനത്തിനായി വ്യവസ്ഥാപിതമായ തസ്തികകൾ മാറ്റിവെച്ചിട്ടുള്ള മാനേജ്മെന്റുകളിൽ, ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട് താത്കാലികമായി (പ്രൊവിഷണലായി ശമ്പള സ്കെയിലിൽ/ദിവസവേതനം) ജോലി ചെയ്യുന്ന ജീവനക്കാരെ, ബഹു. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന സ്പെഷ്യൽ ലീവ് പെറ്റീഷനുകളുടെ അന്തിമ വിധിയ്ക്കു വിധേയമായി, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ശമ്പള സ്കെയിലിൽ ക്രമീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വിദ്യാഭ്യാസ ഓഫീസർമാർക്കു നിർദ്ദേശം നൽകുന്നു. '

പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 8 (B) പ്രകാരം ഭിന്നശേഷി നിയമനത്തിനായി ആവശ്യമായ തസ്തികകൾ നീക്കിവെച്ചിട്ടുള്ള എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾക്ക് കൂടി എൻ.എസ്.എസ്സിന് ലഭിച്ച വിധിന്യായത്തിന്റെ ആനുകൂല്യം ബാധകമാക്കുന്നതിന് അനുമതി തേടുന്നതിനായി സർക്കാർ ബഹു. സുപ്രീം കോടതിയിൽ അഫിഡവിറ്റ് ഫയൽ ചെയ്തുവെങ്കിലും എസ്.എൽ.പി (സി) 9566/2023 & അനുബന്ധ കേസുകളിൽ ഹർജിക്കാരായ 442 പേരെ നിലവിൽ റഗുലറൈസ് ചെയ്യുന്നത് കോടതിയലക്ഷ്യത്തിന് തുല്യമായിരിക്കും എന്ന നിയമോപദേശം കണക്കിലെടുത്ത് അവരുടെ നിയമന ക്രമീകരണ നടപടികൾ മേൽ ഹർജികളിൽ അന്തിമ വിധി വന്നതിന് ശേഷം സ്വീകരിക്കാവുന്നതാണ്.

5. മേൽ സാഹചര്യത്തിൽ, ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട SLP(C) No. 11373/2024 (നായർ സർവീസ് സൊസൈറ്റി Vs സ്റ്റേറ്റ് ഓഫ് കേരള) കേസിന്മേലുള്ള 04/03/2025 തീയതിയിലെ ബഹു. സുപ്രീം കോടതിയുടെ വിധിന്യായം മറ്റു സമാന മാനേജ്മെന്റുകളിലും ബാധകമാക്കാൻ അനുമതി തേടിക്കൊണ്ട് SLP(C) No. 9566/2023 നം. കേസിൽ സർക്കാർ ബഹു. സുപ്രീം കോടതിയെ സമീപിച്ചതിൽ ബഹു. സുപ്രീം കോടതിയുടെ അന്തിമവിധിന്യായത്തിന് വിധേയമായി, സ.ഉ. (കൈ) നം.31/2026/GEDN, തീയതി 18/02/2026 ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാലക്കാട് പനമണ്ണ എ. യു. പി. സ്കൂളിലെ യു.പി.എസ്.എ. മാരായ ശ്രീമതി. ദീപ്തി എൻ., ശ്രീമതി. ഐശ്വര്യ എസ്., എൽ.പി.എസ്.എ. മാരായ ശ്രീമതി. കാവ്യ കെ., ശ്രീ. നിവേദ് എൻ. എന്നിവരുടെ നിയമനങ്ങൾ, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, ശമ്പള സ്കെയിലിൽ ക്രമീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ഒറ്റപ്പാലം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നിർദ്ദേശം നൽകിക്കൊണ്ട് പാലക്കാട് പനമണ്ണ എ.യു.പി.എസ് മാനേജർ സർക്കാരിൽ ഫയൽ ചെയ്തിരുന്ന പരാമർശം (1) റിവിഷൻ ഹർജി (Exbt P15) യിലെ ആവശ്യം തീർപ്പാക്കി അപ്രകാരം പാലക്കാട് പനമണ്ണ എ. യു. പി. സ്കൂളിലെ യു. പി. എസ്. എ. ശ്രീമതി. ദീപ്തിയും മറ്റ് നാലു പേരും ചേർന്ന് ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP (C) No. 27496/2025 ലെ പരാമർശം (2) വിധിന്യായം നടപ്പാക്കി ഉത്തരവാകുന്നു.

6 . കൂടാതെ ശ്രീമതി. പി.വി. സുജാതയെ 01/06/2022 മുതൽ പ്രധാനാധ്യാപികയായി സ്ഥാനക്കയറ്റം നൽകിയ ഒഴിവിലെ ശ്രീമതി. മുബഷിറയുടെ നിയമനാംഗീകാരം സംബന്ധിച്ച് പ്രത്യേകമായി പരിശോധിച്ചു ഉചിത നടപടി സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകുകയും ചെയ്യുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
അഡിഷണൽ സെക്രട്ടറി

പകർപ്പ്:

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് - 678 001.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് - 679 101.
മാനേജർ, എ. യു. പി. സ്കൂൾ, പനമണ്ണ, പാലക്കാട് - 679 501.
ശ്രീമതി. ദീപ്തി എൻ., യു.പി.എസ്.എ., എ. യു. പി. സ്കൂൾ, പനമണ്ണ, പാലക്കാട് - 679 501.
ശ്രീമതി. കാവ്യ കെ., എൽ.പി.എസ്.എ., എ. യു. പി. സ്കൂൾ, പനമണ്ണ, പാലക്കാട് - 679 501.
ശ്രീമതി. മുബാഷിറ എ., എൽ.പി.എസ്.എ., എ. യു. പി. സ്കൂൾ, പനമണ്ണ, പാലക്കാട് - 679 501.
ശ്രീമതി. ഐശ്വര്യ എസ്., യു.പി.എസ്.എ., എ. യു. പി. സ്കൂൾ, പനമണ്ണ, പാലക്കാട് - 679 501.
ശ്രീ. നിവേദ് എൻ., എൽ.പി.എസ്.എ., എ. യു. പി. സ്കൂൾ, പനമണ്ണ, പാലക്കാട് - 679 501.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Indulekha C
Date: 04-03-2026 13:05:38

സെക്ഷൻ ഓഫീസർ